പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*295 11-12-2018-ലെ മറുപടിയ്ക്ക്

## യൂറിയ ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ യൂറിയ ക്ഷാമം കാരണം നെൽകർഷകർ ദുരിതത്തിലായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | യൂറിയ ക്ഷാമം ശ്രദ്ധയിൽപ്പെടുകയും ഉടൻ തന്നെ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഓരോ ജില്ലയ്ക്കും ആവശ്യമായ യൂറിയയുടെ അളവ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഓരോ ജില്ലയ്ക്കും ആവശ്യമായ യൂറിയയുടെ കണക്ക് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എല്ലാ ആറുമാസം കൂടുമ്പോഴും സംസ്ഥാനത്തിന് ആവശ്യമുള്ള വളങ്ങളുടെ മാസാടിസ്ഥാനത്തിലുള്ള കണക്ക് കേന്ദ്ര സർക്കാരിനു നൽകാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ മാസം തോറും വളത്തിന്റെ വിഹിതം നൽകുന്നത്. |
| (സി) | പ്രളയത്തിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ള കാർഷിക മേഖലയ്ക്ക് യൂറിയ ക്ഷാമവും രാസവളത്തിന്റെ വിലവർദ്ധനവും സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ കൃഷി വകുപ്പിന്റെ ഇടപെടൽ എന്തൊക്കെയാണെന്നറിയിക്കുമോ? | (സി) | ഒക്ടോബർ മാസം അവസാനം തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനികളുമായി ബന്ധപ്പെടുകയും ആവശ്യമുള്ള വളം റോഡ് മാർഗ്ഗം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നവംബർ മാസത്തിലും കേന്ദ്ര സർക്കാരുമായും കമ്പനികളുമായും ബന്ധപ്പെട്ട് യൂറിയ ക്ഷാമം പരിഹരിച്ചിട്ടുണ്ട്. ഡിസംബർ മാസത്തേയ്ക്ക് 10800 ടൺ യൂറിയ, 6600 ടൺ DAP, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് 11300 ടൺ, NPK കോംപ്ലക്സുകൾ 19300 ടൺ എന്നിവ കേരളത്തിലേയ്ക്ക് അനുവദിക്കുകയും, ഇവ വിവിധ കമ്പനികൾ മുഖേന എടുത്ത് വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നേർവളങ്ങളും കോംപ്ലക്സ് വളങ്ങളും കർഷകർക്ക് യഥാർത്ഥ വിലയ്ക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഉറപ്പാക്കുവാൻ പി.ഒ.എസ് മെഷിനുകൾ മുഖേനയാണ് ഇപ്പോൾ വളം വിൽക്കുന്നത്. പി.ഒ.എസ് മെഷിനുകൾ മുഖേന വാങ്ങുന്ന വളങ്ങൾക്ക് അതിൽ പ്രിന്റ് ചെയ്തിരിക്കുന്ന വില മാത്രം നൽകിയാൽ മതി. ഇതിനെക്കുറിച്ചുള്ള അവബോധം കർഷകർക്ക് നൽകി വരുന്നു. എല്ലാ ജില്ലകളിലെയും റീട്ടെയിൽ വില്പനക്കാർക്കാണ് പി.ഒ.എസ് മെഷീനുകൾ നൽകുന്നത്. കേരളത്തിൽ 14 ജില്ലകളിലായി 2480 പി.ഒ.എസ് മെഷിനുകളാണ് വിതരണം ചെയ്തിട്ടുള്ളത്. പി.ഒ.എസ് മെഷിനുകൾ ഉപയോഗിക്കാത്ത കടക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദേശം ജില്ലാ തല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് എല്ലാ ജില്ലകളിലെയും കടകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**